കരാർ പ്രകാരം നാലുവർഷത്തിനുള്ളിൽ പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയാകും.

വിഴിഞ്ഞം പദ്ധതി പ്രകാരമുള്ള തൊഴിൽ അവസരങ്ങൾ

143 (3653) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയിലൂടെ എത്ര തൊഴിൽ അവസരങ്ങൾ പ്രദേശവാസികൾക്ക് ലഭിക്കുമെന്നാണ് കരുതുന്നത്; ആകെ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയിലൂടെ നാട്ടിൽ ഉണ്ടാകുന്ന അടിസ്ഥാന വികസനങ്ങൾ എന്തെല്ലാമാണ്; ഇതിനാവശ്യമായ തുക ചെലവഴിക്കുന്നതാരാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും നടത്തിപ്പു ഘട്ടത്തിലും നേരിട്ടുള്ള തൊഴിലവസരങ്ങൾ കൂടാതെ അനേകം തൊഴിലവസരങ്ങൾ പരോക്ഷമായി സൃഷ്ടിക്കപ്പെടും. ഇത് കൂടുതലും ഗുണം ചെയ്യുന്നത് വിഴിഞ്ഞം പ്രദേശവാസികൾക്കാണ്. തുറമുഖത്തിനോടനുബന്ധിച്ച് നിരവധി അനുബന്ധ വ്യവസായങ്ങളായ കണ്ടെയ്നർ ഹാൻഡ്ലിംഗ്, ലോജിസ്റ്റിക് എന്നിവ വളരും. ഒരു തുറമുഖത്തിന്റെ വരവോടുകൂടി അത് സൃഷ്ടിക്കുന്ന സാമ്പത്തിക പുരോഗതിയിലും ഉൽപ്പാദനക്ഷമതയുടെ വർദ്ധനവിലും ആകൃഷ്ടരായി നിരവധി പുതിയ വ്യവസായ സംരംഭങ്ങൾ പദ്ധതി പ്രദേശത്തുണ്ടാകും. ഇതും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

(ബി) പദ്ധതിക്കുവേണ്ടി ഉണ്ടാകുന്ന പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ റെയിൽ കണക്ടിവിറ്റി, റോഡ് കണക്ടിവിറ്റി, വെള്ളം, വൈദ്യുതി എന്നിവയാണ്. ഇതിൽ റെയിൽ കണക്ടിവിറ്റിയും വെള്ളവും വൈദ്യുതിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. റോഡ് കണക്ടിവിറ്റി പി.പി.പി ഘടകത്തിൽ ഉൾപ്പെട്ടതിനാൽ അതിന്റെ നിർമ്മാണം കൺസഷനയറുടെ ചുമതലയാണ്.

തുറമുഖത്തിന്റെ ഒപ്പം തന്നെ തുറമുഖത്തിന് സമീപമുള്ള പ്രദേശങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി തുറമുഖേതര പ്രവർത്തനങ്ങളായ പോർട്ട് എസ്റ്റേറ്റ് ഡെവലപ്മെന്റും വിഴിഞ്ഞം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന് ആവശ്യമായ തുക പൂർണ്ണമായി ചെലവഴിക്കുന്നത് കൺസഷനയർ ആണ്.

LIBRARY ARCHIVES Kerala Legislative Assembly